പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 442

21.07.2015 ലെ മറുപടിയ്ക്ക്

**കർഷക കടാശ്വാസ കമ്മീഷൻ**

ചോദ്യം

ശ്രീ.എം. ഹംസ
ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.പി.ശ്രീരാമകൃഷ്ണൻ
ശ്രീ. കെ.വി.അബ്ദുൾ ഖാദർ

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന വ്യക്തമാക്കാമോ ; | (എ) | 2006- ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് അനുശാസിക്കുന്ന തരത്തിൽ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തുകയും അതത് വർഷത്തെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത കമ്മീഷന്റെ കാലാവധി നീട്ടിക്കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 25-04-2015- ലെ സ.ഉ.(പി)നം.159/2015/റവ ഉത്തരവ് പ്രകാരം കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21-ാം തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് ദീർഘിപ്പിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | കടാശ്വാസത്തിനായി കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ ? | (സി) | കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട്, 2007- ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾ എന്നിവയിൽ പ്രത്യേക സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതാകുന്നു. കടാശ്വാസം ലഭിക്കുന്നതിനായി കർഷകർ നൽകിയിട്ടുള്ള അപേക്ഷകളിൽ കർഷകരെയും ബന്ധപ്പെട്ട സഹകരണ ബാങ്കിന്റെ പ്രതിനിധിയേയും കേട്ടതിനു ശേഷമാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. കമ്മീഷൻ മുമ്പാകെ നാളിതുവരെ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 90 ശതമാനത്തോളം തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ അടിയന്തിരമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**